# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യംനം.331 18.10.2016 ലെ മറുപടിക്ക്

## ആദായ നികുതി അപ്‌ലോഡ് ചെയ്യാൻ സർക്കാർ സംവിധാനം

ചോദ്യം.

ശ്രീ. സി.കെ.നാണു.

ശ്രീ. കെ. കൃഷ്ണൻകുട്ടി

ശ്രീ.കെ.ബി.ഗണേഷ് കുമാർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ഉത്തരം.

ഡോ.തോമസ് ഐസക്

ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| എ | ആദായ നികുതി ഓരോ ക്വാർട്ടറിലും അപ്‌ലോഡ് ചെയ്യുന്നതിന് സ്വകാര്യ സ്ഥാപനങ്ങൾ ഭീമമായ തുക ഈടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | ഇല്ല. |
| ബി | സർക്കാരിന്റെ ഐ.ടി.സെൽ മുൻകൈ എടുത്ത് ജീവനക്കാർ അനുഭവിക്കുന്ന പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദീകരിക്കാമോ; | ഇന്ത്യൻ ഭരണഘടന പ്രകാരം ആദായ നികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാകയാൽ ആദായ നികുതി ഓരോ ക്വാർട്ടറിലും അപ്‌ലോഡ് ചെയ്യുന്നതിന് ആദായ നികുതി വകുപ്പ് മുഖേന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതിൻ പ്രകാരം വകുപ്പിന്റെ വെബ്സൈറ്റിൽ (www.tin-nsdl.com) സൂചിപ്പിച്ചിട്ടുള്ള സൗജന്യ സോഫ്റ്റ്‌വെയറുകൾ, ഫയൽ വാലിഡേഷൻ യൂട്ടിലിറ്റികൾ തുടങ്ങിയവ ഉപയോഗിച്ച് ടി.ഡി.എസ്. തയ്യാറാക്കി സി.ഡി.യിലോ പെൻഡ്രൈവിലോ പകർത്തി വകുപ്പിന്റെ വെബ്സൈറ്റിൽ കാലാകാലങ്ങളിൽ സൂചിപ്പിക്കുന്ന അംഗീകൃത *ടിൻ ഫെസിലിറ്റേഷൻ സെന്ററുകൾ* മുഖേന നിശ്ചിത ഫീസ് നൽകി അപ്‌-ലോഡ് ചെയ്യാവുന്നതാണ്. മേൽ വെബ് സൈറ്റിൽ ലഭ്യമായ കണക്ക് പ്രകാരം 100 റിക്കോഡുകൾക്ക് 38 രൂപയും 1000 റിക്കോഡുകൾക്ക് 178 രൂപയും 1000ൽ കൂടുതലുള്ളതിന് 578.50 രൂപയുമാണ് അപ്‌ലോഡ് ചെയ്യുന്നതിന് ഫെസിലിറ്റേഷൻ സെന്ററുകൾക്ക് നൽകാവുന്നതായി |
| സി | ജീവനക്കാർക്ക് ടി.ഡി.എസ്. അപ്‌-ലോഡ് ചെയ്യുന്നതിന്, ശമ്പളം കൊടുക്കുന്ന ട്രഷറി വകുപ്പിനെ തന്നെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | |

| | | |
|---|---|---|
| | | ആദായ വകുപ്പ് അധികൃതർ നിശ്ചയിച്ചിട്ടുള്ള അംഗീകൃത ഫീസ്. അപ്രകാരം അതാത് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരുടെ ഓഫീസുകളിൽ തന്നെ ടി.ഡി.എസ് തയ്യാറാക്കി ടിൻ ഫെസിലിറ്റേഷൻ സെന്റർ മുഖേന അപ്‌ലോഡിംഗ് ചെയ്തുവരുന്നുണ്ട്. ടി.ഡി.എസ് തയ്യാറാക്കുന്ന ജോലി കൂടി ഉയർന്ന തുകയ്ക്ക് സ്വകാര്യ ഫെസിലിറ്റേഷൻ സെന്ററുകളെ ഏൽപ്പിക്കുന്നതോ പ്രസ്തുത ജോലികൾ ഐ.ടി.സെല്ലിനെ ഏൽപ്പിക്കുന്നതോ ടി.ഡി.എസ്. അപ്‌ലോഡിംഗ് ട്രഷറി വകുപ്പിനെ ഏൽപ്പിക്കുന്നതോ കരണീയമല്ല. മാത്രമല്ല ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി 07.09.2015ലെ സ.ഉ.(പി) നം.391/2015/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ടി.ഡി.എസ് അപ്‌ലോഡിംഗ് ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ ട്രഷറിയിൽ നിന്ന് അതാത് ഓഫീസ് ഡി.ഡി.ഒ.മാർക്കായി പുനർവിഭജിച്ച് നൽകിയിട്ടുള്ളതുമാണ്. ജീവനക്കാർ ടി.ഡി.എസ്. അപ്‌ലോഡ് ചെയ്യേണ്ടതില്ല. കൂടാതെ ടി.ഡി.എസ് ഫയൽ ചെയ്യുന്നതിന് പരിശീലനം ആവശ്യപ്പെടുന്ന ഡി.ഡി.ഒ മാർക്ക് ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ധനകാര്യ മാനേജ്മെന്റ് പരിശീലന കേന്ദ്രത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി പരിശീലനം നൽകിവരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ